**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1398** **08-12-2022 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മലയോര ഹൈവേയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേയിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ അലൈൻമെന്റിന് അവസാന രൂപമായോ; അറിയിക്കാമോ; | (എ) | പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ അലൈൻമെന്റിന് അന്തിമ രൂപമാക്കി ഡി.പി.ആർ സമർപ്പിച്ച് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുള്ളതാണ്. പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ ദൈർഘ്യം 13 കി.മീ. ആണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാനാവുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ? | (ബി) | പേരാമ്പ്ര മണ്ഡലത്തിൽ മലയോര ഹൈവേയുടെ മുള്ളൻകുന്ന് മുതൽ പെരുവണ്ണാമുഴി വരെയുള്ള 6.2 കിലോമീറ്ററും പെരുവണ്ണാമുഴി മുതൽ 28-ാം മൈൽ വരെയുള്ള 6.8 കിലോമീറ്റർ നീളവും ഉൾപ്പെടുന്നു.<br><br>മുള്ളൻകുന്ന് മുതൽ പെരുവണ്ണാമുഴി വരെയുള്ള 6.2 കി.മീ. നീളം ഉൾപ്പെടുന്ന DPR ന് 08/08/2022 തീയതിയിൽ 38.39 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.<br><br>പെരുവണ്ണാമുഴി മുതൽ 28-ാം മൈൽ വരെയുള്ള മലയോര ഹൈവേയുടെ 6.8 കിലോമീറ്റർ നീളം ഉൾപ്പെടുന്ന DPR ന് 20/03/2022 തീയതിയിൽ 71.93 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.<br><br>ടി പ്രവൃത്തിക്ക് ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലലഭ്യത ഉറപ്പാക്കി സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് ഫീൽഡ് എഞ്ചിനീയേഴ്സ് സമർപ്പിക്കുന്നതും ആയതു പരിശോധനയ്ക്ക് ശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ